പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2049 26.03.2013 ൽ മറുപടിക്ക്

## തൃശൂർ ജില്ല യിൽ വൈദ്യൂതികണക്ഷനു വേണ്ടി ലഭിച്ച അപേക്ഷകൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) ഗാർഹിക കണക്ഷൻ ലഭിക്കുന്നതിനായി തൃശൂർ ജില്ലയിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) 2012-13 കാലയളവിൽ 16,665 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിൻമേൽ തീർപ്പ് കല്പിച്ചിട്ടു ണ്ടെന്നറിയിക്കുമോ; | (ബി) ഇതിൽ 15,032 അപേക്ഷകർക്ക് വൈദ്യൂതി കണക്ഷൻ നൽകിയിട്ടുണ്ട്. |
| (സി) അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് എല്ലാ അപേക്ഷകർക്കും വൈദ്യൂതി കണക്ഷൻനൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിലെ വ്യവസ്ഥ പ്രകാരം 500 വാട്സ് വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ളവരും 1,000 വാട്സ് വരെ കണക്റ്റഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗത്തിലുള്ളവരും ഒഴികെ ഉള്ളവരിൽ നിന്ന് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിൽ ചെലവ് ഈടാക്കി മാത്രമേ വൈദ്യുതി കണക്ഷനുകൾ നൽകുവാൻ കഴിയുകയുള്ളു. ആയതിനാൽ അപേക്ഷ സമർപ്പിയ്ക്കുന്നതിനനുസരിച്ചും സെക്യൂരിറ്റി ഡെപ്പോസിറ്റും കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിലുള്ള തുകയും അടയ്ക്കുന്ന മുറയ്ക്കും വൈദ്യുതി കണക്ഷൻ മുൻഗണനാ ക്രമത്തിൽ നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ